VI പ്രത്യേക പരാമർശം

(1) ബില്ലുകളുടെ ചർച്ചയ്ക്ക് കൂടുതൽ സമയം അനുവദിക്കണമെന്ന ആവശ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മൂന്ന് ബില്ലുകളുടെ ചർച്ച 22-ാം തീയതി വച്ചിട്ടുണ്ട്. ഞങ്ങൾ എതിർപ്പൊക്കെ പറഞ്ഞുവെങ്കിലും അവസാനം സ്പീക്കർ പറഞ്ഞു ആവശ്യമാണെങ്കിൽ ഉച്ചയ്ക്കുശേഷം ഇരിക്കാം എന്ന്. അച്ചടിച്ചു വന്നതിൽ അത് കാണുന്നില്ല. മൂന്ന് ബില്ലുകൾ ഉള്ളതുകൊണ്ട് ആവശ്യമായ പ്രൊപ്പോസലും കൂടി അംഗീകരിക്കണമെന്നാണ്.

മി. സിപീക്കർ : അതിന് ഞാൻ ഗ്യാരണ്ടി ചെയ്യുന്നു. അച്ചടിച്ചു വന്നതിൽ ഇല്ലെങ്കിലും ഞാൻ സമ്മതിക്കുന്നു. ബി.എ.സി. റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

(2) ബി. എഡ്. കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച ഹൈക്കോടതി വിധി

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, 'ബി. എഡ്. കോളേജ് അനുവദിച്ച സർക്കാരിനെതിരെ കോടതി അലക്ഷ്യ നിലപാട്' എന്നാണ് വലിയ ഹെഡ്ഡിംഗിൽ ഒരു പത്രം പറയുന്നത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ ?

മി. സ്പീക്കർ : അങ്ങേക്ക് നാളെ ഇത് ഉന്നയിക്കാം. അങ്ങ് പ്രസംഗിക്കുമ്പോൾ ഇത് ഉന്നയിക്കാം. അപ്പോൾ മുഖ്യമന്ത്രി മറുപടി പറയും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഇതെല്ലാം പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. ഇതുപോലുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയോട് വിശദീകരണം വാങ്ങേണ്ടതും പൊതുജനങ്ങൾ അറിയേണ്ടതുമാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഈ സർക്കാരിനുവേണ്ടി ഈ തരത്തിൽ ബദ്ധപ്പാട് കാണിക്കേണ്ടതുണ്ടോ?

മി. സ്പീക്കർ : അങ്ങനെ ഒരു ബദ്ധപ്പാടുമില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : മുഖ്യമന്ത്രിക്ക് മറുപടി പറയുന്നതിന് ഒരു അവസരം നൽകൂ. ഈ രണ്ട് ഉദ്യോഗസ്ഥന്മാരെ ബലിയാടുകളാക്കിയിട്ട് ഗവൺമെന്റെടുത്ത നയത്തെ സംബന്ധിച്ച് കോടതി അലക്ഷ്യമാണ്. അപ്പോൾ ഇവർക്ക് എതിരായിട്ടല്ലേ വരേണ്ടത്. അതിനെപ്പറ്റി മുഖ്യമന്ത്രിക്ക് എന്താണ് അഭിപ്രായം. അതാണ് ഞാൻ ചോദിക്കുന്നത്.

മി. സ്പീക്കർ : പ്രതിപക്ഷനേതാവിന് പറയാനുള്ളത് ഉന്നയിക്കാൻ ഞാൻ സമ്മതിച്ചു. പക്ഷെ, ഈ വിഷയം പറഞ്ഞപ്പോൾ .....അതിന് ചില നടപടി ക്രമങ്ങളുണ്ട്. ഇപ്പോൾ ഡിസ്കഷൻ നടക്കുകയാണ്. ഇപ്പോൾ മുഖ്യമന്ത്രി മറുപടി പറയുന്നുവെങ്കിൽ എനിക്ക് വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly